സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 39-42

പാലൈ
PALAI பாலை
ISSN No: 3049-0316

# പ്രകൃതിയും സംസ്കാരവും ആരണ്യക് നോവലിൽ



ഡോ. ബ്രിൻസി മാത്യു*

**സംഗ്രഹം**

ഏത് ഭാഷയും സംസ്കാരവും വിവർത്തനം കൊണ്ട് കൂടുതൽ സമ്പന്നമാകുന്നു. ആധുനികയുഗത്തിന്റെ ആരംഭം മുതൽ ഇംഗ്ലീഷ്, ഫ്രഞ്ച്,റഷ്യൻ തുടങ്ങി വിവിധ ഭാഷകളിൽനിന്ന് അനേകം നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ബംഗാളി സാഹിത്യകാരനായ വിഭ്രൂതിഭ്രൂഷൺ വന്ദ്യോപാധ്യായയുടെ നിരവധി നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ആരണ്യക് എന്ന നോവൽ 1958ൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് പി. വാസുദേവക്കുറുപ്പാണ്. ഭിന്ന സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നവർ മനുഷ്യഭാഷകൊണ്ട് സൃഷ്ടിക്കുന്ന പാലമാണ് വിവർത്തനം എന്ന് ഈ ഗ്രന്ഥം ഉറപ്പിക്കുന്നു.

**താക്കോൽ വാക്കുകൾ:** സ്രോതഭാഷ, ലക്ഷ്യഭാഷ, വെങ്കലഭാഷ, പുന:സൃഷ്ടി, ഇക്കോ –ഫെമിനിസം

ഒരു ഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥമോ പദമോ വാക്യമോ മറ്റൊരു ഭാഷയിൽ ആവിഷ്കരിക്കുന്നതാണ് വിവർത്തനം. ഏതു ഭാഷയിൽ നിന്ന് ആശയം സ്വീകരിക്കുന്നുവോ ആ ഭാഷയെ മൂലഭാഷ അഥവാ സ്രോതഭാഷ എന്നു പറയുന്നു.ഏത് ഭാഷയിലേക്ക് ആശയം സംക്രമിപ്പിക്കുന്നുവോ ആ ഭാഷയെ ലക്ഷ്യഭാഷ എന്നും പറയാം. വിവർത്തനം കലയും അതേസമയം ശാസ്ത്രവുമാണ്. വിവർത്തനം ആശയപരാവർത്തനം അല്ല, ഒരു ഭാഷയിൽ നിന്നും മറ്റൊരു ഭാഷയിൽ പിറക്കുന്ന കലയാണെന്ന് ജി.ശങ്കരക്കുറുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. ഏത് ഭാഷയും വിവർത്തനം കൊണ്ട് കൂടുതൽ സമ്പന്നമാകുന്നു. ഭാഷ മാത്രമല്ല,സംസ്കാരം കൂടി സമ്പന്നമാകുന്നു.ഒരു സ്രോതഭാഷയിലെ ജനതയുടെ ജീവിതവും സംസ്കാരവും ലക്ഷ്യഭാഷയിലെ ജനതയിലേക്ക് സംക്രമിക്കുന്നു.ഒരു നോവൽ തർജ്ജമ ചെയ്യുമ്പോൾ കഥയുടെ മൊഴിമാറ്റം മാത്രമല്ല,മറിച്ച് ഒരു സാംസ്കാരിക വിനിമയം കൂടി നടക്കുന്നു. ഏറ്റവും കൂടുതൽ വിവർത്തന കൃതികൾ ഉണ്ടായത് നോവൽ-ചെറുകഥാ രംഗത്താണ്. ഭാരതീയ നവോത്ഥാന ചിന്തകൾക്ക് ദിശാബോധവും വിജ്ഞാന വിസ്ഫോടനത്തിനുണർവും നൽകിയത് സാഹിത്യവും പരിഭാഷകളും ആണ്.ആധുനികയുഗത്തിന്റെ ആരംഭം മുതൽ ഇംഗ്ലീഷ്, ഫ്രഞ്ച്,റഷ്യൻ തുടങ്ങിയ ഭാഷകളിൽനിന്ന് അനേകം നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.ഭാരതീയ ഭാഷകളിൽ മലയാളത്തിലേക്ക് വിവർത്തനത്തിന്റെ വേലിയേറ്റം ഉണ്ടായത് നോവലിന്റെ കടന്നുവരവോടുകൂടിയാണ്.

* അസ്സോസിയേറ്റ് പ്രൊഫസർ, ദേവമാതാ കോളേജ് കുറവിലങ്ങാട്

സംസ്കൃതം കഴിഞ്ഞാൽ ബംഗാൾ ഭാഷയിൽ നിന്നാണ് ഏറ്റവും കൂടുതൽ സാഹിത്യകൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ബങ്കീം ചന്ദ്രചാറ്റർജി, രവീന്ദ്രനാഥ ടാഗോർ, താരാശങ്കർ ബാനർജി, ശരച്ചന്ദ്ര ചാറ്റർജി,ആശാപൂർണാദേവി തുടങ്ങി നിരവധി ബംഗാളി സാഹിത്യകാരന്മാരുടെ നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. പഥേർ പാഞ്ചാലിയിലൂടെ അനശ്വരനായ വിഭൂതിഭൂഷൺ വന്ദ്യോപാധ്യായയുടെ നിരവധി നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു ചെറുകഥാകൃത്ത് ആയി ജീവിതം ആരംഭിച്ച് പിന്നീട് നോവലിസ്റ്റായി മാറിയ അദ്ദേഹത്തിന്റെ *ആരണ്യക്* എന്ന നോവലും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ബംഗാളി നോവലുകളിൽ അദ്വിതീയമാണ്. 1939 ഏപ്രിലിൽ ബംഗാളിൽ പ്രവാസി മാസികയിൽ പരമ്പരയായി പ്രസിദ്ധീകരിച്ച ഈ നോവൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നത് 1958 ൽ പി. വാസുദേവക്കുറുപ്പാണ്. വനവാസികളുടെ ഭാഷയായ ബംഗാളിയും ദേഹാതിഹിന്ദിയും കലർന്ന വെങ്കല ഭാഷയാണ് മൂലകൃതിയിൽ ഉള്ളത്. പദപ്രയോഗങ്ങളിലും വാമൊഴിയിലും എല്ലാം മൂലകൃതിയോട് പരമാവധി തത്തുല്യമായ വിവർത്തന രീതി അവലംബിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യപൂർവ്വ ബംഗാളിന്റെ ജീവിതം ഒരു ചരിത്രപുസ്തകത്തിലേതിനേക്കാൾ യഥാതഥമായി ഈ നോവലിൽ നിന്നും വായിക്കാം.അതിലുപരി സർവ്വകാലിക പ്രധാനമായ ഒരു പാരിസ്ഥിതിക നോവലായി ഈ കൃതിയെ കാണാം. അതുകൊണ്ടുതന്നെ ഈ വിവർത്തനം മലയാളഭാഷയ്ക്ക് കൈമാറുന്ന സാംസ്കാരിക മൂല്യം ഏറെ വിലപ്പെട്ടതുമാണ്. ഭിന്ന സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നവർ മനുഷ്യഭാഷകൊണ്ട് സൃഷ്ടിക്കുന്ന പാലമാണ് വിവർത്തനം എന്ന് ഈ ഗ്രന്ഥം ഉറപ്പിക്കുന്നു.

ഫൂക്കോ മുന്നോട്ടുവയ്ക്കുന്ന ഏറ്റവും മഹത്തായ ആശയം പച്ചയുടെ സൗന്ദര്യശാസ്ത്രം ആണ്. ഒരാളുടെ ജീവിതം തന്നെ സൗന്ദര്യാത്മകമായ നിലനിൽപ്പായി മാറുന്ന പ്രക്രിയയാണിത്. പച്ചയുടെ സൗന്ദര്യശാസ്ത്രം ആണ് *ആരണ്യക്* നോവൽ കൈമാറുന്നത്. പരിസ്ഥിതി വാദം പ്രകൃതിയുടെമേൽ നടക്കുന്ന അധിനിവേശത്തിനെതിരേയുള്ള ഒരു പോരാട്ടം മാത്രമല്ല, പ്രപഞ്ചത്തെ അറിയാനുള്ള സംവിധാനം കൂടിയാണ്. ആത്മീയമായ ഒരു അടിത്തറ പരിസ്ഥിതി വാദത്തിലുണ്ട്. ജീവികളും അവയുടെ ഭൗതിക പരസ്പര ബന്ധത്തെയുംകുറിച്ചുള്ള പഠനമാണ് പരിസ്ഥിതി ശാസ്ത്രം എന്നിരിക്കെ ഏറ്റവും മികച്ച ഒരു പരിസ്ഥിതി പഠനം കൂടിയാണ് *ആരണ്യക്* നോവൽ. പ്രകൃതിയിലേക്കുള്ള ഒരു മടക്കയാത്ര വിളംബരം ചെയ്യുന്ന നോവലിസ്റ്റ് പ്രകൃതിയെ സചേതനവും വാചാലവും സജീവമായി കാണുന്നു. പ്രകൃതിയുടെ അനന്യോപാസകനായിരുന്ന ഒരു നോവലിസ്റ്റിനെയാണ് *ആരണ്യക്* പ്രകാശിപ്പിക്കുന്നത്. പരിസ്ഥിതി ബോധത്തിന്റെ വ്യക്തമായ അടയാളമായ ഈ നോവൽ കാടിന്റെ പ്രാകൃതഅവസ്ഥ സംരക്ഷിക്കാനുള്ള ത്വര,പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവ വ്യക്തമാക്കുന്നു. “എസ് . കെ. പൊറ്റെക്കാട്ടിന്റെ വിഷകന്യകയിലെ പ്രകൃതി വീക്ഷണത്തിനെതിരായി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സർഗ്ഗാത്മകബന്ധം ചിത്രീകരിക്കുന്ന കൃതിയാണ് ആരണ്യക്.” (കെ. സി.നാരായണൻ 1995:32) ഒപ്പം പുറന്തള്ളപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ശബ്ദമായി നോവൽ മാറുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവർ പരിഷ്കൃതരുടെ ഇരകളാണ്. പ്രകൃതിയെ ചരക്കാക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ഇരയായി ഈ നോവലിലെ കഥാപാത്രങ്ങൾ മാറുന്നു.

പ്രസ്താവനയും 18 പരിച്ഛേദങ്ങളിലുമായി 61 അധ്യായങ്ങളുള്ള ഈ നോവലിന് ആദിമധ്യാന്ത പൊരുത്തമുള്ള ഒരു കഥയില്ല. കൽക്കത്തയിൽ തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞ സത്യൻ എന്ന യുവാവ് ഉത്തരബീഹാറിലെ വനപ്രദേശത്ത് ഓഫീസ് മാനേജരായി എത്തുന്നു.ആറുവർഷം നീണ്ടുനിൽക്കുന്ന സേവനം പൂർത്തിയാക്കി കൽക്കത്തയിലേക്ക് മടങ്ങുന്നതാണ് പ്രമേയം. 16 വർഷത്തിനു ശേഷമുള്ള ഓർമ്മകളായി, ഉത്തമപുരുഷ കഥാഖ്യാന രീതിയിലാണ് രചന.തന്റെ മന:സാക്ഷി സമ്മതിക്കാത്ത ഒരു കൃത്യം നിർവഹിക്കാൻ നിർബന്ധിതനായ സത്യചരൺ അതിന്റെ കുറ്റബോധത്തിൽ നിന്ന് വിടുതൽ നേടാനായി ആ കഥ പറയുന്നു.

വാസുദേവക്കുറുപ്പിന്റെ ആരണ്യക് മലയാള വിവർത്തനം മൂലകൃതിയുടെ പുന:സൃഷ്ടി എന്ന വിവർത്തന വകഭേദത്തിൽ ഉൾപ്പെടുത്താനാകും. മൂലകൃതിയിലെ അതേ അധ്യായ വിഭജനം-18 പരിച്ഛേദങ്ങളും 61 അധ്യായങ്ങളും ആയിട്ടാണ് സ്വീകരിച്ചിട്ടുള്ളത്. മൂലത്തിലെ പദക്രമം അതേപോലെതന്നെ വിവർത്തനത്തിലും സ്വീകരിച്ചിട്ടുണ്ട്. ഭാരതത്തിന്റെ പ്രൗഢമായ പ്രകൃതിദർശനവും മനുഷ്യദർശനവും കോർത്തിണക്കിയിരിക്കുന്ന രചനയാണിത്. പ്രകൃതിയുടെ പൊരുളിനെ അറിയുകയും ആദരിക്കുകയും ചെയ്യുന്ന;സുഷുപ്താവസ്ഥയിലുള്ള കാനനത്തിന്റെ ആത്മാവ് ഉയർത്തെഴുന്നേൽക്കുന്ന മനോഹരമായ കാഴ്ചയാണ് നോവൽ കൈമാറുന്നത്. നഗരത്തിന്റെ ബഹളത്തിൽ നിന്നും മാറി ആരണ്യകത്തിന്റെ ആനന്ദാനുഭൂതിയിലേക്കുള്ള യാത്രയാണിത്. വന്യമൃഗങ്ങളും സംസ്കാരരഹിതരായ ഗ്രാമീണരും മാത്രമുള്ള കാട്ടിനുള്ളിലെ എസ്റ്റേറ്റിൽ ഏകാന്ത ജീവിതം

ISSN No: 3049-0316


നയിക്കുന്ന സത്യചരൺ വനം വെട്ടിത്തെളിച്ച് കാലിമേക്കലിനും കൃഷിയ്ക്കുമായി പാട്ടത്തിന് കൊടുക്കുന്ന ചുമതലയുണ്ടായിരുന്ന ഓഫീസ് മാനേജർ ആണ്. കാടിനെ വെറുത്തുവന്ന അയാൾ പ്രകൃതിയുടെ വലിയ ഉപാസകനായി മാറുന്നു.പ്രകൃതിയുടെ നിലയ്ക്കാത്ത സംഗീതം അയാളെ ഉന്മേഷഭരിതനാക്കുന്നു.

ആരണ്യക് നൽകുന്ന സംസ്കാരം പരിസ്ഥിതി ദർശനത്തിന്റെയും സൗന്ദര്യശാസ്ത്രത്തിന്റെയും ആണ്. മൂലകൃതിയുടെ സംസ്കാരത്തെ കഴിയുന്നത്ര നിലനിർത്തിയാണ് വിവർത്തനം നിർവഹിച്ചിരിക്കുന്നത്. ലക്ഷ്യഭാഷാവായനക്കാർക്ക് അപരിചിതമായ കാടിന്റെ സംസ്കാരവും സൗന്ദര്യവും ആണ് ആരണ്യക് അവതരിപ്പിക്കുന്നത്. ബംഗാൾ ജീവിതവും ബംഗാളി വായനക്കാർക്ക് അപരിചിതമായ ബീഹാറിലെ വനവാസികളുടെ ലോകവും മലയാളികൾക്ക് അപരിചിതമാണ്.

"പ്രകൃതിയുടെ വിവിധ ഭാവങ്ങളിലൂടെ സശ്രദ്ധമായി കടന്നു പോകുമ്പോൾ ഉണ്ടാകുന്ന ആന്തര ചൈതന്യത്തിന്റെ ഉണർച്ചയാണ് നോവലിന്റെ പ്രമേയം." (ജയാ സുകുമാരൻ, 2011:184) കാടിന്റെ സൗന്ദര്യത്തെയും ഉദാത്തതയെയും മനുഷ്യമനസ്സിലേക്ക് സംക്രമിപ്പിക്കുന്ന രീതിയിലാണ് നോവലിന്റെ രചന. ആരണ്യക് അവതരിപ്പിക്കുന്ന അപരിചിതലോകം മലയാളിക്ക് കൗതുകം നൽകുന്നതാണ്. ഉത്തരബംഗാളിന്റെ ഭാഗമായിരുന്നതും ഇപ്പോൾ ബീഹാർ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമായ ഭഗൽപുരം, അസംബാദ്, ഇസ്മയിൽപുരം എന്നീ പ്രദേശങ്ങളാണ് ഈ നോവൽ ഉൾക്കൊള്ളുന്ന ഭൂഭാഗങ്ങൾ. "മണ്ണിൽ നിന്നും പ്രകൃതിയിൽ നിന്നും അകന്നുപോയവർക്ക് തിരിച്ചറിയാനാകാതെ പോകുന്ന ആന്തരിക തേജസ്സാണ് ആരണ്യക് വായിക്കുമ്പോൾ മനസ്സിന് ഉണ്ടാകുന്ന ദീപ്തി."(ജയ സുകുമാരൻ, 2011:184)

ഇക്കോ ഫെമിനിസ്റ്റ് കാഴ്ചപ്പാടിലൂടെയും ഈ നോവലിനെ നോക്കി കാണാനാവും.വനത്തെ ഉപഭോഗം ചെയ്യുന്ന മനുഷ്യൻ പുരുഷനും ഉപഭോഗത്തിന് വിധേയമാകുന്ന വനം സ്ത്രീയുമാണ്.മനുഷ്യനും വനവും സഹവർത്തിത്വത്തിൽ നിന്ന് ഉടമ-അടിമ തലത്തിലേക്ക് മാറ്റം ചെയ്യപ്പെടുന്നു. വനത്തെ/പ്രകൃതിയെ അടുത്തറിയുമ്പോൾ ഭയത്തിൽനിന്ന് പ്രണയത്തിലേക്ക് മാറുന്ന ജീവിതമാണ് നാഗരികനായ സത്യചരണിന്റേത്. വനസൗന്ദര്യത്തെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത് സ്ത്രീത്വ ഭാവത്തിലൂടെയാണ്.വനഭംഗിയിൽ ഈശ്വര സാന്നിധ്യം കണ്ടെത്തുന്ന തലത്തിലേക്ക് നായക മനസ്സ് പരിവർത്തനം ചെയ്യപ്പെടുന്നു."വീടും കെട്ടി കുടുംബജീവിതം നയിക്കേണ്ടവർ ആ രൂപം കാണാതിരിക്കുകയാണ് നല്ലത്. പ്രകൃതിയുടെ ആ മോഹിനീ രൂപത്തിന്റെ വശ്യത മനുഷ്യനെ ഗൃഹത്യാഗി ആക്കും.വിരസമായി അനാവൃതമായിരിക്കുന്ന മരുഭൂമിയിലെ ലോകസഞ്ചാരികളായ ഹഡ്സൺ,മാർക്കോപോളോ,ഷാക്കിൾടൺ എന്നിവരേപ്പോലെ ആക്കിത്തീർക്കും. ഗൃഹസ്ഥനായി വീടുകെട്ടി സംസാരിയായി ജീവിക്കാൻ അനുവദിക്കുകയില്ല.ഒരിക്കൽ ആ ആഹ്വാനം കേട്ടാൽ ഗൃഹസ്ഥനാകുന്നത് അസംഭവ്യമാണ്." (വാസുദേവക്കുറുപ്പ്, 1958:135-136) മലയാളികൾക്ക് അപരിചിതമായ നിരവധി വിദേശ കൃതികൾ, ഭൂവിഭാഗങ്ങൾ, വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ എന്നിവയെയും നോവൽ പരിചയപ്പെടുത്തുന്നുണ്ട്.

ഈ നോവലിൽ കാട് കേന്ദ്ര കഥാപാത്രവും സത്യചരൺ പ്രധാന കഥാപാത്രവുമാണ്. ഇതിൽ കാടാണ് മറ്റു കഥാപാത്രങ്ങളുടെ മാനസികാവസ്ഥയെയും പ്രവർത്തനങ്ങളെയും ചിന്താരീതിയെയും രൂപപ്പെടുത്തുന്നത്. സത്യചരണിന്റെ ആത്മസുഹൃത്തായി കടന്നുവരുന്ന പരിസ്ഥിതി സംരക്ഷകനാണ് യുഗളപ്രസാദൻ. വനം സംരക്ഷിക്കാനുള്ള ആവേശമാണ് രണ്ടുപേരിലും കാണുക. മഹാലിഖരൂപ് പർവ്വതത്തിൽ പുതിയ ചെടികൾ തേടി രണ്ടുപേരും അലയുന്നു. മാതൃവനത്തെ സംരക്ഷിക്കുക തങ്ങളുടെ പവിത്രകടമയായി കാണുന്ന ഭക്തരാണവർ.എഴുപതോളം കഥാപാത്രങ്ങൾ ഈ നോവലിൽ ഉണ്ട്. പ്രതികൂല സാഹചര്യങ്ങളോടു പോരാടി അതിജീവിക്കുന്നവരാണ് ഓരോ കഥാപാത്രവും. മൂന്നുമാസം ആയിട്ട് ഒരുവറ്റ് ചോറുണ്ണുവാൻ കഴിയാത്ത ഗാനോരി തേവാരി,വനവാസികളുടെ ഒരു പ്രതിനിധി മാത്രമാണ്.കാട്ടിൽ കിട്ടുന്ന ഖേരി അരിയും ബാധുയാച്ചീരയും വേവിച്ച് ഉപ്പുംകൂട്ടി കഴിച്ച്, കമ്പിളി പോലുമില്ലാതെ, പയറിന്റെ തൊലി വാരിപ്പുതപ്പിച്ചു കുട്ടികളെ ഉറക്കുന്ന വനവാസികൾ ഇന്നും പാർശ്വവൽക്കരിക്കപ്പെട്ടു കഴിയുന്ന ജനലക്ഷങ്ങളെ ഓർമ്മപ്പെടുത്തുന്നു. അഞ്ചു കന്നിനെ മേയ്ക്കാൻ മേച്ചിൽക്കരവും കൊടുത്ത് വിജനമായ കാട്ടിൽ കുടിൽ കെട്ടി താമസിക്കുന്ന, കാടിനെയറിയുന്ന ഗനു മഹാതോ, പണം ഉണ്ടാക്കുകയും അതുപോലെ നഷ്ടപ്പെടുന്നതിൽ യാതൊരു ഖേദവും പുലർത്താത്ത ധാവതാൽ സാഹു, പഠിപ്പിക്കാൻ കുട്ടികൾ ഇല്ലാത്ത വിദ്യാലയത്തിൽ അധ്യാപനത്തെ സ്നേഹിച്ചു കഴിയുന്ന മട്ടുകനാഥ പാണ്ഡെ, നർത്തകിയും ദരിദ്രയുമായ ധാതുരിയ, തുളസീദാസ രാമായണ പാരായണത്തിൽ ആനന്ദം കൊള്ളുന്ന രാജു പാണ്ഡെ, സാന്താൾവംശ രാജാവും വിപ്ലവ നേതാവുമായ രാജാ ദോബരുപന്ന്നാ വീരവർദ്ദി തുടങ്ങിയവരെല്ലാം

ശ്രദ്ധയാകർഷിക്കുന്ന കഥാപാത്രങ്ങൾ തന്നെ. ലാളിത്യവും സ്വാതന്ത്ര്യവും പേറുന്ന സ്ത്രീകഥാപാത്രങ്ങളാണ് മുസമ്മത കുന്തയും മഞ്ചിയും.

ആരണ്യകിൽ ആധിമധ്യാന്തപ്പൊരുത്തമുള്ള കഥയില്ലെങ്കിലും അതിന് പൂർണ്ണത നൽകുന്നത് സ്വന്തമായ വ്യക്തിത്വം പേറുന്ന കഥാപാത്രങ്ങൾ തന്നെ.ക്രൂരകഥാപാത്രങ്ങൾ പോലും പ്രകൃതിയുമായി സമ്പർക്കം പുലർത്തുമ്പോൾ ഒരു ശുദ്ധീകരണത്തിലൂടെ കടന്നു പോകുകയും പ്രപഞ്ച സ്നേഹിയായി മാറുകയും ചെയ്യുന്നു. മുഖ്യ കഥാപാത്രമായ സത്യചരണിന്റെ ആത്മാവിനെ ശുദ്ധീകരിച്ച് വിട്ടുവീഴ്ചയുള്ള മനസ്സിന് ഉടമയും സമാധാന പ്രേമിയും ആക്കുന്ന അയാൾ പ്രകൃതിയുടെ ആരാധകനായി മാറുന്നു. പ്രകൃതിയിൽ ലയിച്ചുള്ള ജീവിതത്തിൽ നിന്ന് ലഭിക്കുന്ന ആനന്ദമാണ് ആരണ്യക് നോവൽ ആവിഷ്കരിക്കുന്നത്. കാടിന്റെ നിശബ്ദതയും രഹസ്യാത്മക സൗന്ദര്യവും ആവിഷ്കരിക്കാൻ വിവർത്തകന് കഴിഞ്ഞിട്ടുണ്ട്. എവറസ്റ്റ് , അസോസ്സ് ദ്വീപ്,കൊളംബസ് തുടങ്ങിയ സ്ഥല പരാമർശത്തിലൂടെ പ്രകൃതി നൽകുന്ന അനുഭൂതി സാർവ്വലൗകികമാണെന്ന് സ്ഥാപിക്കുന്നു.

മൂലപാഠത്തെ പ്രതിപദം പിന്തുടരുന്ന വിവർത്തന രീതിയാണുള്ളത്. കാവ്യാത്മകമായ ഭാഗത്തുപോലും ഈ രീതി തുടരുന്നു.വാക്യം, പദം, ഭാഷ ഇവയിലെല്ലാം തുല്യത കണ്ടെത്താൻ പരിശ്രമിച്ചിരിക്കുന്നു. വമൊഴിക്കു പ്രാദേശികത്വം നൽകിയും അനഭ്യസ്തരായ വനവാസികളുടെ ഭാഷ ഉപയോഗിച്ചും ഭാഷാലാളിത്യം പുലർത്തിയും മൂലകൃതിയോട് വിശ്വാസ്യത പുലർത്തിയിരിക്കുന്നു.അതുകൊണ്ടുതന്നെ മൂലകൃതി കൈമാറുന്ന സംസ്കാരം വിനിമയം ചെയ്യാൻ വിവർത്തനത്തിനും കഴിഞ്ഞിട്ടുണ്ട്. കാടിന്റെ ജൈവാവസ്ഥയെ സമഗ്രമായി ആവിഷ്കരിക്കുന്ന ഒരു പരിസ്ഥിതി ദർശനം ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.പ്രകൃതിയോട് ഗാഢബന്ധം പുലർത്തിയ ആദിമ ജനസമൂഹത്തിന്റെ സൂക്ഷ്മനിരീക്ഷണവും അനുഭവജ്ഞാനവും നാഗരിക സമൂഹത്തിന് കൈമാറുന്ന സാംസ്കാരിക ദർശനവും ഈ കൃതിയിൽ കാണാം. പ്രകൃതിവിഭവ ചൂഷണവും ശോഷണവും പാരമ്യത്തിൽ ആയിരിക്കുന്ന പശ്ചിമഘട്ടവും ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടി മുറവിളി കൂട്ടുന്ന, അവിടെനിന്ന് നിഷ്കാസിതരായേക്കുമെന്ന് ഭയപ്പെടുന്ന മനുഷ്യസമൂഹത്തിന്റെ നിഴൽ ചിത്രങ്ങളും നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതിച്ചേർത്ത ആരണ്യകിൽ നിന്ന് പൂരിപ്പിച്ചെടുക്കാൻ കഴിയുന്നു എന്നതാണ് ഈ നോവലിന്റെ സമകാലികവും കേരളീയവുമായ പ്രസക്തി.

## സഹായക ഗ്രന്ഥങ്ങൾ

1. തോമസ് കെ.വി., വിവർത്തനവും ആശയവിനിമയവും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
2. ജയാ സുകുമാരൻ, ബംഗാളി നോവലുകൾ മലയാളത്തിൽ വിവർത്തന പഠനത്തിന്റെ സിദ്ധാന്തവും പ്രയോഗവും, കറന്റ് ബുക്സ്, കോട്ടയം: 2011.
3. പിയേഴ്സൺ എൻ.എം., ഇക്കോ ഫെമിനിസം ഇക്കോ ടൂറിസം മാർക്സിസം, കറന്റ് ബുക്ക്സ്, കോട്ടയം:2003
4. പ്രബോധ ചന്ദ്രൻ വി.ആർ., വിവർത്തന ചിന്തകൾ, ഡി.സി. ബുക്സ്, കോട്ടയം:1994
5. ..........വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം:1986.
6. വിഭൂതിഭൂഷൺ വന്ദ്യോപാധ്യായ, വാസുദേവക്കുറുപ്പ്. പി. (വിവ.), ആരണ്യക്, കേന്ദ്രസാഹിത്യ അക്കാദമി, ന്യൂഡൽഹി: 1958.

## ആനുകാലികങ്ങൾ

1. അനശ്വര കൃതിയായ ആരണ്യക്, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, ജനുവരി 29 -ഫെബ്രുവരി 4,1995.
2. പരിസ്ഥിതി സൗന്ദര്യശാസ്ത്രം, *സാഹിത്യലോകം*, സെപ്റ്റംബർ -ഒക്ടോബർ, 1995.

## വെബ്സൈറ്റ്

1. https:/www.researchgate.net
2. https:/www.europub.co.uk